**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 960** **29-08-2022 - ൽ മറുപടിയ്ക്ക്**

**വനമേഖലയിലെ വൈദ്യുതവേലിയുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന വൈദ്യുതവേലികൾ പ്രവർത്തനരഹിതമാകുന്നത് തടയാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | കോട്ടയം ഡിവിഷനിലെ എരുമേലി റെയിഞ്ചിന്റെ അധീനതയിൽ വരുന്നതും പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടുവരുന്നതുമായ വനമേഖലയോട് ചേർന്നുള്ള കൃഷിയിടങ്ങളിൽ വന്യജീവി ശല്യം കുറയ്ക്കുന്നതിനായി സ്ഥാപിച്ചിട്ടുള്ള സൗരോർജ്ജവേലികൾ പ്രവർത്തനരഹിതമാകുന്നത് തടയുന്നതിനായി ദിവസവേതന വാച്ചർമാരുടെ സഹായത്തോടെ ജീവനക്കാർ അടിക്കാട്ടുകൾ തെളിച്ച് പ്രവർത്തനക്ഷമത ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ ജനജാഗ്രതാ സമിതികളുടെയും, ഗ്രാമപഞ്ചായത്തിന്റേയും സഹകരണത്തോടെ സൗരോർജ്ജ വേലികളുടെ കാര്യക്ഷമത ഉറപ്പ് വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ട്. പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കോട്ടയം വൈൽഡ് ലൈഫ് സർക്കിളിന്റെ പരിധിയിൽ വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന വൈദ്യുതവേലികൾ പ്രവർത്തനരഹിതമാക്കുന്നത് തടയാൻ ഇ.ഡി.സി. അംഗങ്ങളായ ലൈൻമാൻമാരെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത ജോലിക്കായി നിയോഗിച്ചിട്ടുള്ള ലൈൻമാൻമാർ അടിക്കാട് തെളിക്കൽ, ലൈൻ മുറുക്കൽ, ലൈനിൽ വീണ് കിടക്കുന്ന മരച്ചില്ലകൾ നീക്കം ചെയ്യൽ, ബാറ്ററിയുടെ ചാർജ്ജ് പരിശോധന എന്നീ പ്രവർത്തികൾ ചെയ്ത് വൈദ്യുത വേലികൾ സംരക്ഷിച്ചു പോരുന്നു. |
| (ബി) | മൂന്നുമാസത്തിലൊരിക്കലെങ്കിലും കാട് വെട്ടിത്തെളിച്ച് വൈദ്യുതവേലികൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | യഥാസമയങ്ങളിൽ കാട്ടുവെട്ടിത്തെളിച്ച് സൗരോർജ്ജവേലികൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സൗരോർജ്ജവേലികളുടെ സമീപത്തുള്ള അടിക്കാട്ടുകൾ തെളിക്കുന്ന ജോലികൾ |

| | | | |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്ത് അധികൃതർ കൈക്കൊള്ളാവുന്നതാണ്. അത്തരം പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതി മുഖേന ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി രൂപീകൃതമായിട്ടുള്ള ഡിസ്ട്രിക്റ്റ് ലെവൽ കോർഡിനേഷൻ കമ്മിറ്റി (ഡി.എൽ.സി.സി.) മുഖാന്തിരം ഉറപ്പ് വരുത്തുന്നതിന് വനം വകുപ്പ് ചർച്ച ചെയ്ത് വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ